## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3447

09.04.2013 -ൽ മറുപടിയ്ക്ക്

### ഉപഭോക്തൃ ഡയറക്ടറേറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുക വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; | (എ) ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതോടെ, ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളും, ഉപഭോക്തൃ ക്ഷേമപ്രവർത്തനങ്ങളും കൂടുതൽ ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയ ബന്ധിതമായും കൃത്യതയോടെയും നടപ്പാക്കാൻ സാധിക്കും. ഉപഭോക്തൃ ഫോറങ്ങളിലെ ജീവനക്കാരുടെ മേൽ കൂടുതൽ നിയന്ത്രണം ഉണ്ടാവും. ഉപഭോക്തൃ കമ്മീഷൻ / ഫോറങ്ങൾ എന്നിവയിൽ ആവശ്യമായ എണ്ണം തസ്തികകൾ പുന:നിർണ്ണയിച്ച് അവയുടെ പ്രവർത്തനം വിപുലീകരിക്കാൻ സാധിക്കും. |
| (ബി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത് ; വിശദമാക്കുമോ? | (ബി) ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനായി കേന്ദ്രത്തിൽ നിന്ന് പ്രത്യേക സഹായം ലഭിച്ചിട്ടില്ല. എന്നാൽ ഉപഭോക്തൃ ക്ഷേമപ്രവർത്തനങ്ങൾക്ക് ഫണ്ടിനായി 75% കേന്ദ്ര സഹായത്തോട്കൂടി 10 കോടി രൂപയുടെ ഒരു കൺസ്യൂമർ കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. മേൽ ഫണ്ടിൽ നിന്നും ലഭ്യമാവുന്ന പലിശ ഉപഭോക്താക്കളുടെ ക്ഷേമ/ സംരക്ഷണ പ്രവർത്തനങ്ങൾക്ക്, സംസ്ഥാന പ്രാദേശിക തലത്തിൽ സംസ്ഥാനത്തിന് ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ